REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 10-12-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ നാളെ ഏഴ് ജില്ലകളിൽ വോട്ടെടുപ്പ്. ഈ ജില്ലകളിൽ ഇന്ന് നിശബ്ദ പ്രചാരണം.**
- **മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക മാത്രമല്ല, ആഘോഷിക്കുകയും ചെയ്യുന്ന രാഷ്ട്രമായിരിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **ലോക്സഭയിൽ ശീതകാല സമ്മേളനത്തിന്റെ എട്ടാം ദിവസമായ ഇന്നും തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണങ്ങൾ സംബന്ധിച്ച ചർച്ച തുടരും.**
- **അമൃത് ഭാരത് പദ്ധതി പ്രകാരം രാജ്യത്ത് 160 റെയിൽവേ സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.**
- **ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ ന്യൂ ചണ്ഡിഗഢിലെ മുലൻപൂരിൽ.**

## വാർത്തകൾ വിശദമായി

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ നാളെ ഏഴ് ജില്ലകളിൽ വോട്ടെടുപ്പ്. ഈ ജില്ലകളിൽ ഇന്ന് നിശബ്ദ പ്രചാരണമാണ്. തൃശൂർ മുതൽ കാസർകോട് വരെയാണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ്.

ഇന്നലെ ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം എറണാകുളം വരെ ഏഴു ജില്ലകളിൽ 70.91 ശതമാനം പോളിംഗ് രേഖപ്പെടുത്തിയിരുന്നു.

രണ്ടാം ഘട്ടത്തിലെ വോട്ടെടുപ്പിന് പോളിംഗ് സാമഗ്രികളുടെ വിതരണം പുരോഗമിക്കുകയാണ്. വോട്ടിംഗ് യന്ത്രവും, അനുബന്ധ സാമഗ്രികളും ഏറ്റുവാങ്ങി ഉച്ചകഴിഞ്ഞ് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ബൂത്തുകളിലെത്തും.

ഈ ഘട്ടത്തിൽ ഒരു കോടി 53 ലക്ഷത്തി 37,176 വോട്ടർമാരും, 38,994 സ്ഥാനാർത്ഥികളുമുണ്ട്. 604 തദ്ദേശ സ്ഥാപനങ്ങളിലെ വോട്ടെടുപ്പിന് 18,274 ബൂത്തുകളാണ് ഒരുക്കിയിരിക്കുന്നത്. 470 ഗ്രാമപഞ്ചായത്തുകൾ, 77 ബ്ലോക്ക് പഞ്ചായത്തുകൾ, ഏഴ് ജില്ലാപഞ്ചായത്ത്, 47 മുൻസിപ്പാലിറ്റി, മൂന്ന് കോർപറേഷൻ എന്നിവിടങ്ങളിലെ 12,391 വാർഡുകളിലാണ് ജനവിധി.

ഏഴ് ജില്ലകളിലായി 2,055 പോളിംഗ് സ്റ്റേഷനുകളെ പ്രശ്നബാധിത ബൂത്തുകളായി കണ്ടെത്തിയിട്ടുണ്ട്. കണ്ണൂരിൽ 1,025 ഉം, മലപ്പുറത്ത് 295 ഉം, വയനാട്ടിൽ 189 ഉം, പാലക്കാട്ട് 180 ഉം, കോഴിക്കോട്ട് 166 ഉം, കാസർക്കോട്ട് 119 ഉം, തൃശൂരിൽ 81 ഉം ബൂത്തുകൾ ഇവയിലുൾപ്പെടുന്നു.

പോളിംഗ് സ്റ്റേഷനുകളായും, വിതരണ - സ്വീകരണ കേന്ദ്രങ്ങളായും നിശ്ചയിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കം കേന്ദ്രങ്ങൾക്ക് ഇന്നും, വോട്ടെടുപ്പു ദിവസമായ നാളെയും അവധിയായിരിക്കും. വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വെള്ളിയാഴ്ചയും, ശനിയാഴ്ചയും അവധി നൽകിയിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന ഓഫീസ് ഐഡന്റിറ്റി കാർഡും തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ കാസർകോട് ജില്ലയിലെ എല്ലാ പോളിംഗ് ബൂത്തുകളിലും പ്രഥമ ശുശ്രൂഷാ സൗകര്യങ്ങളേർപ്പെടുത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.

....(വോയ്സ്).............

✪✪✪

വ്യാജ രേഖ സമർപ്പിച്ച് വോട്ടർ പട്ടികയിൽ പേര് ചേർത്തെന്ന പരാതിയിൽ മലപ്പുറം പുളിക്കൽ പഞ്ചായത്തിലെ CPIM സ്ഥാനാർഥി ഉൾപ്പെടെ മൂന്ന് പേർക്കെതിരെ കൊണ്ടോട്ടി പൊലീസ് കേസെടുത്തു. പേരു ചേർത്തയാൾ, പേരു ചേർത്തയാളുടെ പിതാവ്, പുളിക്കൽ പഞ്ചായത്തിലെ വാർഡ് 16 ൽ

മത്സരിക്കുന്ന സ്ഥാനാർഥി എന്നിവർക്കെതിരെയാണ് കേസ്. പുളിക്കൽ പഞ്ചായത്ത് സെക്രട്ടറി നൽകിയ പരാതിയിലാണ് പൊലീസ് നടപടി.

✪✪✪

നാളത്തെ തദ്ദേശ തിരഞ്ഞെടുപ്പിൽ പാലക്കാട് ജില്ലയിൽ 6,724 സ്ഥാനാർഥികൾ മത്സരരംഗത്തുണ്ട്. അന്തിമ വോട്ടർ പട്ടിക പ്രകാരം 24 ലക്ഷത്തി 33,390 വോട്ടർമാരാണ് ജില്ലയിൽ.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

.....(വോയ്സ് )..............

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടിംഗ് യന്ത്രത്തിൽ നോട്ട ഇല്ലെങ്കിലും, ഒരു സ്ഥാനാർത്ഥിയ്ക്കും വോട്ടു ചെയ്യാൻ താത്പര്യമില്ലെങ്കിൽ യന്ത്രത്തിലെ END ബട്ടൺ അമർത്തി മടങ്ങാൻ കഴിയുമെന്ന് ഔദ്യോഗിക അറിയിപ്പിൽ പറയുന്നു. VV-PAT സംവിധാനവും യന്ത്രത്തിന് ഉണ്ടാവില്ല. ഗ്രാമ- ബ്ലോക്ക്-ജില്ലാ തലങ്ങളിൽ ഇഷ്ടപ്പെട്ട ഒന്നോ, രണ്ടോ തലത്തിൽ മാത്രം വോട്ടു ചെയ്ത ശേഷം END ബട്ടൺ ഉപയോഗിക്കാനും അവസരം ലഭിക്കും.

✪✪✪

ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം. 1948-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനം അംഗീകരിച്ചതിന്റെ ഓർമക്കാണ് എല്ലാ വർഷവും ഡിസംബർ 10 അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത്. വംശം, ലിംഗം, ദേശീയത, മതം എന്നീ ഭേദങ്ങളില്ലാതെ എല്ലാവർക്കും തുല്യമായി ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന ദിനമാണിത്.

മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക മാത്രമല്ല, ആഘോഷിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രമായിരിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി.

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച മനുഷ്യാവകാശ ദിനാഘോഷം മന്ത്രി P രാജീവ് ഉദ്ഘാടനം ചെയ്തു. മനുഷ്യാവകാശ കമ്മിഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് അദ്ധ്യക്ഷനായി.

✪✪✪

ലോക്സഭയിൽ ശീതകാല സമ്മേളനത്തിന്റെ എട്ടാം ദിവസമായ ഇന്നും തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണങ്ങൾ സംബന്ധിച്ച ചർച്ച തുടരും. ചർച്ചയ്ക്ക് ആഭ്യന്തരമന്ത്രി അമിത്ഷാ വൈകിട്ട് മറുപടി നൽകും. ഇന്നലെ കോൺഗ്രസിലെ മനീഷ് തിവാരിയാണ് ചർച്ചയ്ക്ക് തുടക്കമിട്ടത്.

രാജ്യസഭയിൽ വന്ദേമാതരത്തിന്റെ 150-ാം വാർഷികം സംബന്ധിച്ച ചർച്ചയും ഇന്ന് സമാപിക്കും. കേന്ദ്രമന്ത്രി JP നദ്ദ ചർച്ചകൾക്ക് മറുപടി നൽകും.

✪✪✪

നരേന്ദ്ര മോദി ഗവൺമെന്റിന് കീഴിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉൾപ്പെടെ എല്ലാ ഭരണഘടനാ സ്ഥാപനങ്ങളും കൂടുതൽ സുതാര്യമാവുകയാണെന്ന് കേന്ദ്ര മന്ത്രി മനോഹർ ലാൽ പറഞ്ഞു. തെരഞ്ഞെടുപ്പ് കമ്മീഷനെയും SIR നെയും കുറിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ലോക്സഭയിലെ പരാമർശത്തെ വിമർശിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

കേന്ദ്ര വിവരാവകാശ കമ്മീഷനിലെ മുഖ്യ കമ്മീഷണറെയും, മറ്റ് കമ്മീഷണർമാരെയും തീരുമാനിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ രൂപീകരിച്ച പാനൽ ഇന്ന് ഡൽഹിയിൽ യോഗം ചേരും. പ്രധാനമന്ത്രിക്കു പുറമെ, പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, പ്രധാനമന്ത്രി നിയോഗിക്കുന്ന കേന്ദ്രമന്ത്രി എന്നിവരാണ് പാനൽ അംഗങ്ങൾ.

✪✪✪

രാഷ്ട്രതന്ത്രജ്ഞനും, സ്വാതന്ത്ര്യ സമര സേനാനിയുമായ C. രാജഗോപാലാചാരിയുടെ ജന്മദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു. അസാധാരണ ജ്ഞാനവും ചിന്തയിലെ വ്യക്തതയും ജനാധിപത്യ മൂല്യങ്ങളും അചഞ്ചല പ്രതിബദ്ധതയും കൊണ്ട് ഇന്ത്യയുടെ പൊതുജീവിതത്തെ രൂപപ്പെടുത്തിയ ദീർഘദർശിയാണ് രാജഗോപാലാചാരിയെന്ന് ഉപരാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു.

രാജഗോപാചാരിയുടെ മഹത്തായ സംഭാവനകളെ രാഷ്ട്രം ഏറെ നന്ദിയോടെ ഓർക്കുന്നുണ്ടെന്ന് നരേന്ദ്രമോദി പറഞ്ഞു. മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിലും മൂല്യങ്ങൾ സൃഷ്ടിക്കുന്നതിലും വിശ്വസിച്ചിരുന്ന 20-ാം നൂറ്റാണ്ടിലെ മികച്ച നേതാവായിരുന്നു C രാജഗോപാലാചാരിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

അമൃത് ഭാരത് പദ്ധതി പ്രകാരം രാജ്യത്ത് 160 റെയിൽവേ സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായതായി കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് ലോക്സഭയിൽ പറഞ്ഞു. പദ്ധതി പ്രകാരം 1300 ലധികം സ്റ്റേഷനുകൾ വികസനത്തിന് കണ്ടെത്തിയിട്ടുണ്ടെന്നും മന്ത്രി ചോദ്യോത്തര വേളയിൽ അറിയിച്ചു. സ്റ്റേഷനുകളിൽ യാത്രക്കാരുടെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നുണ്ടെന്നും അശ്വനി വൈഷ്ണവ് പറഞ്ഞു. യാത്രക്കാരുടെ സുരക്ഷയ്ക്ക് മുഖ്യ പരിഗണന നൽകിയാണ് സ്റ്റേഷനുകളുടെ പുനർ വികസനമെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

✪✪✪

സാങ്കേതിക - ഡിജിറ്റൽ സർവകലാശാലകളിലെ സ്ഥിരം VC മാരെ നിയമിക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർ ലോക്ഭവനിൽ രാവിലെ ഗവർണറുമായി കൂടിക്കാഴ്ച നടത്തി. ഗവൺമെന്റും, ഗവർണറും ചേർന്ന് വ്യാഴാഴ്ചക്കകം VC നിയമനത്തിൽ തീരുമാനമെടുക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. കൂടിക്കാഴ്ചയിൽ സമവായമായില്ലെന്നാണ് മാധ്യമ റിപ്പോർട്ടുകൾ .

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA യ്ക്കെതിരെ ബംഗളൂരുവിലെ യുവതി നൽകിയ പീഡനപരാതിയിൽ രാഹുലിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ വിധി അല്പസമയത്തിനകം. തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യാപേക്ഷ പരിഗണിക്കുന്നത്.

✪✪✪

ശബരിമലയിൽ തിരക്ക് വർദ്ധിക്കുന്നു. ഈ മാസം 26 നാണ് അയ്യപ്പവിഗ്രഹത്തിൽ തങ്കയങ്കി ചാർത്തി ദീപാരാധന.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ

......(വോയ്സ്)......

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ ന്യൂ ചണ്ഡിഗഢിലെ മുലൻപൂരിൽ നടത്തും. വൈകിട്ട് ഏഴിനാണ് മത്സരം.

കട്ടക്കിലെ ആദ്യമത്സരത്തിൽ ഇന്നലെ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ 101 റൺസിന് പരാജയപ്പെടുത്തിയിരുന്നു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളയിൽ കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തലയുടെ മൊഴിയെടുപ്പ് മാറ്റി. പ്രത്യേക അന്വേഷണ സംഘത്തിന്റെ അസൗകര്യത്തെ തുടർന്നാണിത്. മൊഴി മറ്റൊരു ദിവസം രേഖപ്പെടുത്തുമെന്ന് SIT അറിയിച്ചു. ശബരിമലയിലെ സ്വർണ്ണപ്പാളികൾ രാജ്യാന്തര പുരാവസ്തു വിൽപന സംഘത്തിന് കൈമാറിയിട്ടുണ്ടെന്ന് കാണിച്ച് രമേശ് ചെന്നിത്തല നേരത്തെ അന്വേഷണ സംഘത്തിന് കത്ത് നൽകിയിരുന്നു.

✪✪✪

---

*News Editor & News Reader : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, രജിന കെ*
*DEO : ഷീബ*